## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1674 21/01/2014-ൽ മറുപടിയ്ക്ക്

### പൊന്നാനി മണ്ഡലത്തിലെ 'നിറവ്' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ . കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) പൊന്നാനി മണ്ഡലത്തിലെ 'നിറവ്' പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | എ) പൊന്നാനി നിയോജക മണ്ഡലത്തിൽ സമഗ്ര കാർഷിക വികസനത്തിനായി തയ്യാറാക്കിയ 171.99 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് പ്രൊപ്പോസൽ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി പി.പി.എം സെല്ലിൽ സമർപ്പിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കൃഷി വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയും എന്ന് വിശദമാക്കാമോ; | ബി) ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിന് ടി പദ്ധതി സ്റ്റേറ്റ് ലെവൽ സാങ്ങ്ഷനിംഗ് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കണം. ഇതിനായിട്ടുള്ള നടപടികൾ പി.പി.എം സെല്ലിൽ ആണ് സ്വീകരിക്കുന്നത്. സ്റ്റേറ്റ് ലെവൽ സാങ്ങ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ചതിനു ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. |
| സി) 2013-14 വർഷത്തെ പ്രോജക്ടുകൾ മുഴുവൻ ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | സി) 2013-14 സാമ്പത്തിക വർഷം സ്റ്റേറ്റ് ലെവൽ സാങ്ങ്ഷനിംഗ് കമ്മിറ്റി കൂടി പദ്ധതി അംഗീകരിച്ച് സർക്കാർ ഉത്തരവ് പ്രകാരം ഫണ്ട് റിലീസ് ചെയ്താൽ മാത്രമേ ഈ വർഷം പദ്ധതി നടപ്പിലാക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ